കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ
ജിദ്ദ
ഇന്ത്യൻ ഹജ്ജ് തീർഥാടകർക്കൊരു ഗൈഡ്
ഹജ്ജ്–2006

പ്രിയ തീർഥാടകരേ,

പുണ്യ നഗരങ്ങളായ മക്കയും മദീനയും സന്ദർശിക്കുവാനും ഇക്കൊല്ലം വിശുദ്ധ ഹജ്ജ് നിർവഹിക്കുവാനും ഭാഗ്യം സിദ്ധിച്ചവരായി അല്ലാഹു തെരഞ്ഞെടുത്ത നിങ്ങൾക്കേവർക്കും ആദ്യമായി ഞങ്ങളുടെ ഹൃദയംഗമമായ അഭിവാദനങ്ങൾ. നിങ്ങളിൽ ജിദ്ദയിൽ ഇറങ്ങി പിന്നീട് മദീനയിലേക്ക് പോയവരും മക്കയിലേക്കു വരുന്നതിനു മുമ്പ് മദീനയിൽ 40 നമസ്കാരങ്ങൾ നിർവഹിച്ചവരുമുണ്ട്.

എല്ലാ കർമങ്ങളിലൂടെയും അല്ലാഹവിന്റെ പ്രീതി നേടുവാനും വിജയകരവും പ്രതിഫലാർഹവുമായ ഹജ്ജ് നിർവഹിക്കുവാനും സാധിക്കുമാറാകട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം. –ഇൻശാ അല്ലാഹ്.

നിങ്ങളുടെ ഹജ്ജ് കർമങ്ങൾ പ്രയാസരഹിതവും സുഖകരവുമാക്കുന്നതിനുള്ള മാർഗനിർദേശങ്ങളും സുരക്ഷയെ മുൻനിർത്തിയുള്ള വിലക്കുകളും ശ്രദ്ധിക്കേണ്ട കാര്യങ്ങളുമാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്. ഇത് ശ്രദ്ധാപൂർവം വായിക്കണമെന്നും മാർഗനിർദേശങ്ങൾ യഥാവിധി പിന്തുടരണമെന്നും വിനീതമായി ഉണർത്തുന്നു.

## 1. പൊതുനിർദേശങ്ങൾ

1. നിങ്ങൾ അല്ലാഹുവിന്റെ അതിഥികളണെന്ന തിരുവചനം എപ്പോഴും മനസ്സിലുണ്ടായിരിക്കണം. നമസ്കാരം, തവാഫ്, ദിക്റ്, ഖുർആൻ പാരായണം തുടങ്ങിയ കാര്യങ്ങളിൽ മുഴുകിയാണ് പരമാവധി സമയം ചെലവഴിക്കേണ്ടത്. **അലഞ്ഞുതിരിഞ്ഞും വൃഥാകാര്യങ്ങളിൽ ഏർപ്പെട്ടും വിലപ്പെട്ട സമയം പാഴാക്കരുത്.**

2. സത്യവിശ്വാസിയുടെ ലക്ഷണവും വിശ്വാസത്തിന്റെ ഭാഗവുമാണ് വൃത്തി. അതുകൊണ്ടുതന്നെ **നിങ്ങളുടെ ശരീരവും വസ്ത്രങ്ങളും താമസസ്ഥലവും വൃത്തിയോടെയും വെടിപ്പോടെയും സൂക്ഷിക്കാൻ ശ്രദ്ധിക്കുക.**

3. ശാരീരികമായി ആയാസമേറെയുള്ളതും ത്യാഗപരിശ്രമങ്ങൾ ആവശ്യമായതുമാണ് ഹജ്ജ് കർമമെന്ന് നിങ്ങൾക്കറിയാം. മക്കയിലും മദീനയിലും തങ്ങുന്ന ദിവസങ്ങളിൽ കാൽനടയായി യാത്ര ചെയ്യേണ്ടി വരികയെന്നത് സാധാരണമാണ്. ഇതിലുപരി ഹജ്ജിന്റെ സുപ്രധാന കർമങ്ങൾ നിർവഹിക്കുന്ന വേളയിൽ ജനക്കൂട്ടത്തിനിടയിലൂടെയും നീങ്ങേണ്ടിവരും. നിങ്ങൾ മുമ്പൊരിക്കലും അഭിമുഖീകരിച്ചിരിക്കാനിടയില്ലാത്ത വിധത്തിലുള്ള മാനസിക പിരമുറുക്കം നേരിടുന്ന വേളയായിരിക്കുമത്. അല്ലാഹുവിന് സ്വയം സമർപ്പിച്ചുകൊണ്ട് ഹജ്ജ് നിർവഹിക്കാനാണ് താൻ എത്തിയിരിക്കുന്നതെന്ന കാര്യം വിസ്മരിക്കാതെയുള്ള ക്ഷമയാണ് ഈ സാഹചര്യം ഓരോ തീർഥാടകനിൽനിന്നും ആവശ്യപ്പെടുന്നത്.

4. നിരവധ ഹ്രസ്വ യാത്രകൾ ചേർന്നതാണ് ഹജ്ജ് തീർഥയാത്ര. അതുകൊണ്ടുതന്നെ ഓരോ യാത്രയിലും ക്ഷമയോടെ വർത്തിക്കണം. ദൗർഭാഗ്യകരമായ സംഭവങ്ങളിലേക്കും ദുരന്തങ്ങളിലേക്കും നയിക്കാനിടയുള്ളതിനാൽ ഒരിക്കലും ക്ഷമ കൈവിട്ട് തിക്കും തിരക്കുമുണ്ടാക്കരുത്.

5. ഹാജിമാരിൽ നല്ലൊരു ഭാഗം പ്രായമേറിയവരും വേണ്ടത്ര പരിജ്ഞാനമോ പരിചയമോ ഇല്ലാത്ത സാധരണക്കാരുമായിരിക്കും. **ഇവർക്ക് സഹായ ഹസ്തം നീട്ടി അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കരസ്ഥമാക്കാൻ ഓരോ കെട്ടിടത്തിലും ഓരോ മുറികളിലുമുള്ള ചെറുപ്പക്കാരായ തീർഥാടകരെ പ്രത്യേകം ഉണർത്തുന്നു.**

6. ഹറം ശരീഫിന്റെ വിശാലതയിൽ തീർഥാടകർക്ക് വഴിതെറ്റുകയെന്നത് സാധാരണമാണ്. അതുകൊണ്ടുതന്നെ ഹറം ശരീഫിൽ പ്രവേശിച്ചാൽ തിരിച്ച് പുറത്തിറങ്ങേണ്ട കവാടം നോക്കിവെക്കാൻ മറക്കരുത്. **പുറത്തിറങ്ങുന്നതിന് അഞ്ച് നിറങ്ങളിലുള്ള കവാടങ്ങളുണ്ട്. സൗകര്യത്തിനായി ഹറം ശരീഫിലെ എല്ലാ കവാടങ്ങൾക്കും നമ്പർ നൽകിയിട്ടുമുണ്ട്.** മക്കയിൽ നിങ്ങളുടെ കെട്ടിടത്തിലേക്ക് മടങ്ങുന്നതിന് ഇറങ്ങേണ്ട ഗെയിറ്റിന്റെ നിറമോ, പേരോ, നമ്പറോ ഓർത്തുവെക്കുന്നതാണ് വഴി തെറ്റതിരിക്കുന്നതിനുള്ള ഏറ്റവും എളുപ്പമാർഗം.

7. താമസിക്കുന്ന കെട്ടിടത്തിലേക്കുള്ള വഴി മറന്നാൽ അജ്യാദിലുള്ള ഇന്ത്യൻ ഹജ്ജ് ഓഫീസ് (അജ്യാദ് മക്ക ഹോട്ടലിന് എതിർവശം) ചോദിച്ച് അവിടെ എത്തണം. ഉടൻ തന്നെ നിങ്ങളുടെ കെട്ടിടത്തിൽ എത്തിച്ചേരുന്നതിന് ഓഫീസ് സഹായിക്കും. ഇതിനുപുറമെ, ഹറം ശരീഫ് ഗെയിറ്റുകളിലും പരിസരത്തും നിയോഗിച്ചിട്ടുള്ള **ഇന്ത്യൻ ദൗത്യ സേനാംഗങ്ങളുടെ സഹായം തേടുകയുമാവാം.** വസ്ത്രങ്ങളിൽ അൽ–ഹിന്ദ് എന്നും ഭാരത് എന്നും എഴുതിയ ത്രിവർണ ചിഹ്നങ്ങൾ രേഖപ്പെടുത്തിയ ഇവരെ എളുപ്പം കണ്ടെത്താൻ കഴിയും.

8. ഇന്ത്യൻ ഹജ് കമ്മിറ്റി നൽകുന്ന **കൈപ്പട്ടയും നിങ്ങളുടെ മുഅല്ലിം നൽകുന്ന തിരിച്ചറിയൽ കാർഡും ഒരിക്കലും എടുക്കാൻ മറന്നുപോകരുത്.** വളരെ പ്രധാനപ്പെട്ട ഇവ രണ്ടും അവശ്യ സന്ദർഭങ്ങളിൽ ഏറെ പ്രയോജനം ചെയ്യും.

9. തീർഥാടകർ അവരുടെ വിസ അനുവദിക്കാത്തതുകൊണ്ടുതന്നെ ബന്ധപ്പെട്ട മക്തബിന്റെ അനുമതിയില്ലാതെ മക്കയിൽനിന്നോ മദീനയിൽനിന്നോ മശായർ മേഖലയിൽനിന്നോ പുറത്തുപോകാൻ പാടില്ല. ജിദ്ദയോ സൗദി അറേബ്യയിലെ മറ്റേതെങ്കിലും പ്രദേശങ്ങളോ സന്ദർശിക്കാൻ ഹജ്ജ് വിസയിൽ അനുമതിയില്ല. **നിയമവിരുദ്ധമായി പുറത്തേക്ക് സഞ്ചരിക്കുന്നവർ അറസ്റ്റ് ചെയ്യപ്പെടാനും കയറ്റി അയക്കപ്പെടാനും സധ്യതയുണ്ട്. അതുകൊണ്ടുതന്നെ ശരിയായ അനുമതിയില്ലാതെ ബന്ധപ്പെട്ട പ്രദേശങ്ങളിൽനിന്ന് പുറത്തേക്ക് പോകാൻ തുനിയരുത്.**

10. ഡിസംബർ ആറ് മുതൽ ജനുവരി ഏഴ് വരെയാണ് ഇക്കൊല്ലത്തെ ഹജ്ജ്. ശൈത്യമാസങ്ങളായതിനാൽ തണുപ്പകറ്റാൻ കമ്പിളികളും സ്വറ്ററുകളും ഉപയോഗിക്കേണ്ടിവരും. മക്കയിലേയും മദീനയിലേയും മുറികളും മിനയിലെ ടെന്റുകളും എയർ കണ്ടീഷൻ ചെയ്തതിനാൽ, പ്രത്യേകിച്ചും രാത്രിയിൽ കൂടുതൽ തണുപ്പ് സഹിക്കേണ്ടിവരും. ഇവിടങ്ങളിലൊന്നും ചൂട് കൂട്ടാൻ സൗകര്യങ്ങളില്ലെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്.

11. റോഡ് മുറിച്ച് കടക്കുമ്പോൾ, പ്രത്യേകിച്ച് മക്കയിലേയും മദീനയിലേയും പ്രധാന റോഡുകളും ഹൈവേകളും, വളരെയേറെ ശ്രദ്ധയോടെ വേണം. ഇന്ത്യയിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നേരെ വിപരീതമാണ് സൗദി അറേബ്യയിലെ ട്രാഫിക്. ഈ റോഡുകളിൽ അതിവേഗ ഗതാഗതമായതിനാൽ സ്വന്തം അശ്രദ്ധ കൊണ്ട് നിരവിധി തീർഥാടകർക്ക് ജീവഹാനി നേരിടുകയോ പരിക്കേൽക്കുകയോ ചെയ്യാറുണ്ട്. തീർഥാടകർ റോഡ് മുറിച്ച് കടക്കുമ്പോൾ ഡ്രൈവർമാർ വാഹനങ്ങൾ നിർത്തി തരുമെന്നോ വേഗത കുറക്കുമെന്നോ കരുതരുത്. അതുകൊണ്ടുതന്നെ റോഡിലേക്ക് ഇറങ്ങുമ്പോൾ വാഹനങ്ങളില്ലെന്ന് ഉറപ്പുവരുത്തിവേണം. നിർബന്ധ കർമമായ ഹജ്ജിനു തടസ്സമുണ്ടാകാതിരിക്കാൻ അതുവരെ മറ്റു വ്യത്യസ്ത സ്ഥലങ്ങളിലെ സന്ദർശനം ഒഴിവാക്കുന്നതാണ് ഉചിതമെന്ന് ഉണർത്തുന്നു.

## 2. താമസം

12. സൗദി അറേബ്യൻ ഗവൺമെന്റിന്റെ ചട്ടങ്ങൾക്കനുസൃതമായി ഇന്ത്യാ ഗവൺമെന്റ് കേന്ദ്ര ഹജ്ജ് കമ്മിറ്റിയമായി കൂടിയാലോചിച്ച് ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഇന്ത്യൻ തീർഥാടകർക്ക് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. **മക്കയിലും മദീനയിലും ഹജ് സീസണിലുണ്ടാകാറുള്ള പരമിതികൾക്കകത്ത് പരമാവധി മെച്ചപ്പെട്ട താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് എല്ലാ ശ്രമവും നടത്തിയിട്ടുണ്ട്.**

13. മക്കയിൽ തീർഥാടകരുടെ താമസ വിഭാഗങ്ങളിൽ ഇക്കുറി ശീശ എന്ന പേരിൽ പുതിയ കാറ്റഗറി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ശീശയിലെ മഹ്ബാസുൽ ജിന്ന് പ്രദേശത്താണ് ഈ വിഭാഗത്തിലേക്ക് കെട്ടിടങ്ങൾ വാടകക്കെടുത്തിരിക്കുന്നത്. ഇവിടത്തെ കെട്ടിടങ്ങൾ പുതിയതും കൂടുതൽ സൗകര്യങ്ങളുള്ളതുമാണ്. വിശാലമായ പ്രദേശമായതിനാൽ നല്ല അന്തരീക്ഷവും. നിങ്ങളുടെ കെട്ടിടങ്ങളിൽനിന്ന് ഹറം ശരീഫിലേക്ക് 24 മണിക്കൂറും ഗതാഗത സൗകര്യം ലഭ്യമാണ്. കഴിഞ്ഞ വർഷത്തെ വിജയം കണക്കിലെടത്ത് അസീസിയ കാറ്റഗറി ഇത്തവണയും തുടരുന്നുണ്ട്. ഇവിടെനിന്ന് ദിവസം മുഴുവൻ ഗാതാഗത സൗകര്യമുണ്ടാകും. അസീസിയ കാറ്റഗറിയുമായി താരതമ്യപ്പെടുത്തുമ്പോൾ ശീശയാണ് ഹറം ശരീഫിന് കൂടുതൽ അടുത്തുള്ളത്.

14. ഹജ്ജ് കമ്മിറ്റിക്ക് നിങ്ങൾ അപേക്ഷ നൽകുമ്പോൾ തെരഞ്ഞെടുത്ത കാറ്റഗറി തന്നെ നൽകാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും മക്കയിലെ കെട്ടിട ക്ഷാമം കാരണം ചിലപ്പോൾ തൊട്ടുതാഴെയുള്ള കാറ്റഗറി അനുവദിച്ചിരിക്കാൻ സാധ്യതയുണ്ട്. ലഭ്യതക്കുറവ് മൂലമുണ്ടായതാണ് ഈ അസൗകര്യമെന്ന് മനസ്സിലാക്കേണ്ടതാണ്. വാടക ഇനത്തിൽ വരുന്ന തുക ഇന്ത്യയിലേക്ക് മടങ്ങിയാൽ ഹജ്ജ് കമ്മിറ്റി തിരികെ നൽകുന്നതണ്.

15. **കമ്പ്യൂട്ടർ സംവിധാനത്തിലൂടെയാണ് നിങ്ങൾക്ക് ഓരോരുത്തർക്കും മുറി അനുവദിച്ചിരിക്കുന്നത്. അതുകൊണ്ട്, അനുവദിച്ച മുറിയിൽതന്നെ തങ്ങണമെന്ന് വിനീതമായി ഉണർത്തുന്നു.** മറ്റൊരാൾക്ക് അനുവദിച്ച സ്ഥലം കയ്യടക്കുന്നത് ഇസ്ലാമികമല്ലെന്നും വിശുദ്ധ ഹജ്ജിനുവന്ന ഒരാൾക്ക് ചേർന്നതല്ലെന്നും പ്രത്യേകം ഓർക്കുക.

16. പുണ്യഭൂമിയായ മക്കയിലെ പല പ്രദേശങ്ങളും ഉയരം കൂടിയതാണെന്നും മറ്റും കണക്കിലെടുത്ത് വാടകക്കെടുക്കുന്ന എല്ലാ കെട്ടിടങ്ങളിലും ലിഫ്റ്റ് സൗകര്യമുണ്ടായിരിക്കണമെന്ന് കണിശത പുലർത്തിയിട്ടുണ്ട്. ലിഫ്റ്റ് സൗകര്യം യഥാവിധി ഉപയോഗപ്പെടുത്തുന്ന കാര്യം നിങ്ങൾക്ക് വിടുന്നു. ഓരോ ലിഫ്റ്റ് ഉപയോഗിക്കുന്നതിനും അവശ്യം പാലിക്കേണ്ട നിർദേശങ്ങളുണ്ടാകും. ഈ നിർദേശങ്ങൾ വായിച്ച് മനസ്സിലാക്കുകയും നിങ്ങളുടെ ഗ്രൂപ്പിലെ വായിക്കാനറിയാത്തവർക്കും പ്രായമായവർക്കും പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടതുമാണ്. ലിഫ്റ്റിനു വഹിക്കാവുന്ന ശേഷി, കെട്ടിടത്തിൽ തീപ്പിടിത്തമുണ്ടായാൽ ഉപയോഗിക്കരുത്, ഇടക്ക് നിന്നുപോയാൽ അലാറം ഉപയോഗിക്കുക തുടങ്ങിയ നിർദേശങ്ങൾ എല്ലാ ലിഫ്റ്റുകളിലേയും ബോർഡുകളിൽ ഉണ്ടാകാറുണ്ട്.

17. കുളിമുറികളും അടുക്കളകളും എല്ലാ തീർഥാടകർക്കും ഉപയോഗിക്കാനുള്ളതാണ്. സാഹോദര്യ ബോധത്തോടെയും വിട്ടുവീഴ്ചയോടെയും അവ പങ്കുവെക്കണം. നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ക്ഷമ വലിയ പ്രശ്നങ്ങളും കുഴപ്പങ്ങളും ഒഴിവാക്കാൻ സഹായകമാകുമെന്ന് ഓർക്കുക.

18. **കൂടുതൽ വെള്ളം ഉപയോഗിച്ച് പാഴാക്കി കളയരുത്.** അമിതമായ ഉപയോഗത്തെ തുടർന്ന് ഏതെങ്കിലും കെട്ടിടത്തിൽ വെള്ളം തീർന്നാൽ ഗതാഗത നിയന്ത്രണമുള്ളതിനാൽ ടാങ്കറുകളിൽ വെള്ളം എത്തിക്കുക പ്രയാസമായിരിക്കും. അതുകൊണ്ട് കുളിക്കുന്നതിനും അലക്കുന്നതിനും പാത്രം കഴുകുന്നതിനും പാചകാവശ്യങ്ങൾക്കുമൊക്കെ വെള്ളം മിതമായേ ഉപയോഗിക്കാവൂ.

19. **ഗ്യാസ് സ്റ്റൗകൾ അതീവശ്രദ്ധയോടെ ഉപയോഗിക്കണം.** ഗ്യാസ് ചോർന്നുള്ള അപായ സാധ്യതകൾ ഒഴിവാക്കാൻ ഉപയോഗം കഴിഞ്ഞാൽ സ്റ്റൗകളും സിലിണ്ടർ കണക്ഷനും ഓഫാക്കിയെന്ന് ഉറപ്പുവരുത്തണം. **ഇത്തരം സ്റ്റൗകൾ ഉപയോഗിച്ച് പരിചയമില്ലാത്ത നിങ്ങളടെ ഗ്രൂപ്പിലോ മുറിയിലോ ഉള്ളവർക്ക് ഉപയോഗിക്കേണ്ട വിധം മനസ്സിലാക്കിക്കൊടുക്കണമെന്നും ഉണർത്തുന്നു.**

20. ദിനേന ഓരോ കെട്ടിടത്തിലും സൂപ്പർവൈസർ സന്ദർശനം നടത്തി ഹാരിസുമായി (കാവൽക്കാരൻ) ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹാരം കാണും. തീർഥാടകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഹാരിസിനെ അറിയിക്കുകയോ അതിനായുള്ള പരാതി പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ചെയ്യാം. കെട്ടിടത്തിന്റെ മേൽനോട്ട ചുമതലയുള്ള ഇന്ത്യൻ ഹജ്ജ് മിഷൻ ബ്രാഞ്ച് ഓഫീസിലെത്തിയും പരാതി നൽകാവുന്നതാണ്. ബ്രാഞ്ച് ഓഫീസ് കണ്ടെത്താനുള്ള മേപ്പും ടെലിഫോൺ നമ്പറും ഓരോ കെട്ടിടത്തിലും താഴെ നിലയിൽ ലഭ്യമാണ്.

21. **തീർഥാടകർ സന്ദർശകരെ മുറിക്കകത്തോ കെട്ടിടത്തിലോ പ്രവേകിപ്പിക്കരുത്.** അവരെ കെട്ടിടത്തിൽനിന്ന് പുറത്തിറങ്ങി കാണണം. സുഹൃത്തുക്കളെയോ ബന്ധുക്കളെയോ മുറികളിൽ തങ്ങാൻ അനുവദിക്കരുത്. സ്ഥലപരിമിതി കണക്കിലെടുത്ത് മുറികളിൽ അധിക സാധനങ്ങൾ കൊണ്ട് നിറക്കുകയുമരുത്.

3. ഹാജിമാരുടെ ക്ഷേമത്തിനായുള്ള സൗകര്യങ്ങൾ

22. ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്താൻ ഇന്ത്യാ ഗവൺമെന്റ് നിരവധി ഭരണ, മെഡിക്കൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. മക്കയിലും മദീനയിലും ഇന്ത്യൻ ഹജ് മിഷൻ ബ്രാഞ്ച് ഓഫീസുകളും മെഡിക്കൽ ഡിസ്പെൻസറികളും ഏർപ്പെടുത്തുന്നുണ്ട്. ഇരു നഗരങ്ങളിലും വർഷം മുഴുവൻ പ്രവർത്തിക്കുന്ന രണ്ട് ഓഫീസുകൾക്ക് പുറമേയാണ് ഈ ബ്രാഞ്ച് ഓഫീസുകളും ഡിസ്പെൻസറികളും. മക്കയിൽ ഹറം ശരീഫിനു ചുറ്റും നമ്മുടെ ഹാജിമാർ താമസിക്കുന്ന കെട്ടിടങ്ങളുള്ള പ്രദേശത്തായിരിക്കും ബ്രാഞ്ച് ഓഫീസുകളും ഡിസ്പെൻസറികളും. മദീനയിലെ നാല് ആശുപത്രികൾ മസ്ജിദുന്നബവിക്കു ചുറ്റുമാണ്. വിശുദ്ധ മക്കയിൽ അജ്യാദ് പ്രദേശത്ത് 50 കിടക്കകളുള്ള നവീന സൗകര്യങ്ങളുള്ള ആശുപത്രിയുമുണ്ട്. അതുകൊണ്ടുതന്നെ പൊതുവായതോ ചികത്സയുമായി ബന്ധപ്പെട്ടതോ ആയ ഏതു സൗകര്യവും ലഭിക്കാതിരിക്കില്ല. തീർഥാടകരുടെ സൗകര്യം കണക്കിലെടുത്ത് ഇന്ത്യൻ ഹജ്ജ് ഓഫീസ് അജ്യാദ് പ്രദേശത്തെ സൗകര്യമുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു.

23. ചൂടും തണുപ്പും കണക്കിലെടുത്ത് തീർഥാടകർ തങ്ങളുടെ ആരോഗ്യത്തിൽ അതീവ ശ്രദ്ധ പുലർത്തണം. ധാരാളം വെള്ളം കുടിക്കുകയും ശരീരത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കാൻ പഴവർഗങ്ങൾ ഭക്ഷിക്കുകയും വേണം. മരുന്നുകൾ ആവശ്യമായി വരുമ്പോൾ ഡോക്ടർമാരും ഡിസെപൻസറികളും സേവനത്തിന് സജ്ജമായിരിക്കും. ശരീരത്തിലെ നിർജലീകരണം, സൂര്യാഘാതം, തണുപ്പും ചുമയും, പനി, വയർ സ്തംഭനം, തുടകൾ ഉരസിയുള്ള മുറിവ്, കാല് കീറൽ തുടങ്ങിയവയാണ് സാധാരണ കണ്ടുവരാറുള്ളത്. ആശുപത്രിയിൽ വിദഗ്ധ ചികിത്സ ആവശ്യമായി വരികയാണെങ്കിൽ സൗദി ആശുപത്രികളിൽ അത് മെച്ചപ്പെട്ട നിലയിൽ ലഭിക്കുന്നുവെന്ന് ഇന്ത്യൻ ഹജ് മിഷൻ ഡോക്ടർമാർ ഉറപ്പുവരുത്തുകയും സ്ഥിരമായി ശ്രദ്ധിക്കുകയും ചെയ്യും.

24. മെഡിക്കൽ സൗകര്യങ്ങൾ ഏറ്റവും അടുത്തുതന്നെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി മൊബൈൽ മെഡിക്കൽ ടീമുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സംഘങ്ങൾ നിങ്ങളുടെ കെട്ടിടങ്ങൾ സന്ദർശിക്കുകയും ആവശ്യങ്ങൾ കുറിച്ചെടുക്കുകയും ചെയ്യും. ബ്രാഞ്ച് ഓഫീസുകളിലോ ഡിസ്പെൻസറികളിലോ എത്താൻ കഴിയാത്ത പ്രായമുള്ളവർക്കും അവശർക്കും മുറിക

ളിൽതന്നെ മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കും.

25.എഴുപത്തിയഞ്ച് വയസ്സിനു മുകളിലുള്ള എല്ലാ തീർഥാടകർക്കും മറ്റ് അതീവ ശ്രദ്ധ ആവശ്യമുള്ളവർക്കും പ്രത്യേക മെഡിക്കൽ പാക്കേജ് തന്നെയുണ്ട്.

4. ഹറം ശരീഫിൽ പാലിക്കേണ്ട മര്യാദകൾ

26. വിശുദ്ധ ഹറമിന്റെ പരിപാവനത്വം ഉറപ്പുവരുത്താനുള്ള ബോധപൂർവമായ ശ്രമമാണ് ഹറം ശരീഫ് സന്ദർശിക്കുമ്പോൾ ഏറ്റവും പ്രധാനമായി ഉണ്ടാകേണ്ടത്. ഹറമിനകത്ത് അധികം വികാരാധീനരാകാതിരിക്കാൻ ശ്രദ്ധിക്കണം. പൊടുന്നനെ വികാരാധീനരാകുന്നത് പലപ്പോഴും തീർഥാടകർക്ക് പ്രയസമായിട്ടുണ്ട്. ഇങ്ങനെ നിയന്ത്രണമില്ലാതാകുന്നത് മാനസിക അസ്വസ്ഥതയായിവരെ തെറ്റിദ്ധരിക്കപ്പെടാം. ഹറമിനകത്തുനിന്നോ പുറത്തുനിന്നോ തങ്ങളുടേതല്ലാത്ത ഒരു സാധനവും എടുക്കരുത്. നിങ്ങൾ എന്തെങ്കിലും മോഷ്ടിക്കുകയാണെന്ന് പോലീസ് തെറ്റദ്ധരിക്കപ്പെടാനും നിരവധി പ്രശ്നങ്ങൾക്കും അത് കാരണമാകും.

27. ഹറം ശരീഫിനകത്ത് സൗദി ഉദ്യോഗസ്ഥരും പോലീസ് അധികൃതരും സാധാരണ വേഷങ്ങളിൽ പോലും സദാ നിരീക്ഷകരായുണ്ടാകും. അസാധാരണമായ ഒരു നീക്കവും ശ്രദ്ധിക്കപ്പെടാതെ പോകില്ല. **പോലീസോ സൗദി ഉദ്യോഗസ്ഥരോ പിടികൂടിയാൽ അവരോട് യാതൊന്നും സംസാരിക്കാതെ ഇന്ത്യൻ ഹജ് മിഷനിലെ ഒരു ഉദ്യോഗസ്ഥന്റെ സാന്നിധ്യം ആവശ്യപ്പെടുകയാണ് വേണ്ടത്.**

28. ബേസ്മെന്റും പ്രധാന നിലയും ഒന്നാംനിലയും ടെറസും ഉൾക്കൊള്ളുന്നതാണ് മക്കയിലെ വിശദ്ധ ഹറം ശരീഫ്. ചിലപ്പോൾ പുറത്ത്പോലും നീങ്ങാനാവാത്ത വിധം ജനങ്ങൾ തിങ്ങിനിറയും. ആളുകളെ മുകളിലെ നിലകളിലേക്കും ടെറസിലേക്കും കൊണ്ടുപോകുന്ന കൺവെയർ ബെൽറ്റുകളെ (എസ്കലേറ്റർസ്) കുറിച്ച് ധാരണ വേണം. ഇതേക്കുറിച്ച് അിറയാതെ റെയിലുകളിലും മറ്റും പിടിക്കുന്നത് തിക്കുംതിരക്കിനും സമാനമായ സാഹചര്യമുണ്ടാകാനും  നിങ്ങൾക്കും മറ്റുള്ളവർക്കും പരിക്കേൽക്കാനും ഇടവരുത്തും.

29. ഹറം ശരീഫിൽ നിങ്ങളുടെ ചെരിപ്പുകൾ സൂക്ഷിക്കാൻ എപ്പോഴും ഒരു പ്ലാസ്റ്റിക്ക് ബാഗ് കരുതണം. നല്ല തിരക്കുള്ളപ്പോൾ ചിലപ്പോൾ റോഡരികിൽവരെ നമസ്കരിക്കേണ്ടിവരുന്നതിനാൽ ഒരു മുസല്ല കരുതുന്നതും നല്ലതാണ്.

5. കള്ളന്മാരേയും തട്ടിപ്പുകാരേയും സൂക്ഷിക്കുക

30. **അപരിചിതരുമായി സൗഹൃദം സ്ഥാപിക്കുകയോ അവരിൽനിന്ന് കോഫി, മരുന്ന് തുടങ്ങി കഴിക്കാനുള്ള എന്തെങ്കിലും സ്വീകരിക്കുകയോ നിങ്ങളുടെ താമസ സ്ഥലത്തെത്താൻ ലിഫ്റ്റ് ചോദിക്കുകയോ അരുത്.** കാരണം ഇത്തരം ആളുകൾ പലപ്പോഴും തീർഥാടകരെ വഞ്ചിച്ചിട്ടുണ്ട്. നിരവധി തീർഥാടകർക്ക് തങ്ങളുടെ പണവും വിലപ്പെട്ട വസ്തുക്കളും നഷ്ടമായി.

31. ഹറമിനകത്തായാലും പുറത്തായാലും **തിരക്കുള്ള സ്ഥലങ്ങളിൽ വിലപ്പെട്ട വസ്തുക്കളോ അധികം പണമോ കൊണ്ടുപോകരുത്.** പോക്കറ്റടിക്കപ്പെടാനും തിരക്കിനടയിൽ വിലപ്പെട്ട വസ്തുക്കൾ നഷ്ടപ്പെടാനും സാധ്യതയുണ്ട്.

32. പണവും വിലപ്പെട്ട വസ്തുക്കളും സൂക്ഷിക്കേണ്ടത് നിങ്ങളുടെ സ്വന്തം ഉത്തരവാദിത്തമാണ്. ഇവ എപ്പോഴും കൂടെ കൊണ്ടുപോകുന്നതാണ് സുരക്ഷിതമെന്ന് കരുതരുത്. പോക്കറ്റടിക്കു പുറമെ, നിരവധി തീർഥാടകരിൽനിന്ന് ബലംപ്രയോഗിച്ചും പണവും മറ്റും തട്ടപ്പറിച്ചതായുള്ള സംഭവങ്ങൾ മുൻവർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. വിലപ്പെട്ട വസ്തുക്കൾ സുരക്ഷിതമാക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തന്നതിന് മുൻഗണന നൽകണം. ബന്ധപ്പെട്ട മുഅല്ലിം ഓഫീസുകളിൽ പണവും വിലപ്പെട്ട വസ്തുക്കൾ സൂക്ഷിക്കുന്നതിന് സൗകര്യമുണ്ട്. അധികമുള്ള തുക മുഅല്ലിം ഓഫീസിൽ ഏൽപിച്ച് അതിന്റെ റസീറ്റ് (ഫത്തൂറ) വാങ്ങുകയാണ് വേണ്ടത്. തുക ആവശ്യം വരുമ്പോൾ ഓഫീസിൽ ഫത്തൂറ കാണിച്ച് വേണ്ട തുക വാങ്ങാവുന്നതാണ്.  ഹറം ശരീഫിനു പുറത്ത് വിവിധ കോണുകളിൽ ലോക്കറുകൾ ലഭ്യമാണ്. അൽപം പണം നൽകി കുറച്ചുസമയത്തേക്ക് ഈ ലോക്കറുകളിൽ വിലപ്പെട്ട വസ്തുക്കൾ സൂക്ഷിക്കാവുന്നതാണ്.

33. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് മാംസം എത്തിച്ചും മറ്റും ബലികർമത്തിന്റെ പേരിൽ ചിലർ ഹാജിമാരെ വഞ്ചിക്കുന്നത് കഴിഞ്ഞ വർഷങ്ങളിൽ ശ്രദ്ധയിൽ പെട്ടിരുന്നു. ഹാജിമാരെ വഞ്ചിക്കാനെത്തുന്ന ഇത്തരക്കാരെ വിശ്വസിക്കരുത്. നിങ്ങളുടെ ബലികർമം സ്വയംതന്നെ നിർവഹിക്കുകയോ ഇസ്ലാമിക ഡെവലപ്മെന്റ് ബാങ്ക് (ഐ.ഡി.ബി) നൽകുന്ന കൂപ്പണുകൾ വാങ്ങുകയോ ആണ് വേണ്ടത്. **ഹജ്ജ് ദിവസങ്ങളിലെ തിരക്ക് കണക്കിലെടുത്ത് ബലി കർമം ബാങ്ക് കൂപ്പണുകളിലൂടെയും സാധുവാണെന്ന് ഹനഫി പണ്ഡിതന്മാരും പ്രഖ്യാപിച്ചിട്ടുണ്ട്.**

6. മദീനയിലേക്കും തിരിച്ചുമുള്ള യാത്ര

34. നിങ്ങളുടെ താമസ സ്ഥലത്തെ വാതിലിൽ പതിച്ച സ്റ്റിക്കറിൽ ഇനിയും ചിലർ കൂടി നിങ്ങളുടെ മുറിയിൽ എത്താനുള്ളതായി കാണിക്കുന്നുണ്ടെങ്കിൽ **മദീനയിലേക്ക് പുറപ്പെടുമ്പോൾ മുറിയുടെ താക്കോൽ ബന്ധപ്പെട്ട ഹാരിസിനെ ഏൽപിക്കാൻ മറക്കരുത്**. നിങ്ങൾ പുറപ്പെട്ട ഉടൻ ബാക്കിയുള്ളവർ എത്തിച്ചേരുന്നതിന് നല്ല സാധ്യതയുള്ളതിനാൽ അവർക്ക് പ്രവേശിക്കുന്നതിന് നിങ്ങളുടെ പൂട്ട് പൊളിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാനാണിത്.

35. മദീനയിലേക്ക് പോകുമ്പോൾ ഇന്ത്യൻ ഹജ് ഓഫീസിലെ **മദീനാ യാത്ര സെക്ഷൻ നൽകുന്ന സയയക്രമം കർശനമായി പാലിക്കണം.** ഒന്നോ രണ്ടോ ഹാജിമാരുടെ വീഴ്ച കാരണം മറ്റുള്ളവർ ബുദ്ധുമുട്ടാതിരിക്കാൻ ശ്രദ്ധിക്കുക.

36. **മദീനയിലെ താമസ സൗകര്യം കാറ്റഗറി തിരിച്ചല്ല** എന്ന കാര്യം ഓർമിക്കുക. റിംഗ് റോഡിലും (സിത്തീൻ റോഡ്) ചുറ്റുമായി 850 മീറ്റർവരെ പരമാവധി അകലെ എല്ലാ തീർഥാടകരേയും ഒറ്റ കാറ്റഗറിയായാണ് താമസിപ്പിക്കുക. എന്നാൽ മദീനയിൽ എത്തുന്നതിനനുസരിച്ച് (ആദ്യത്തേയും അവസാനത്തേയും 8–9 ദിവസം) പ്രവാചകന്റെ പള്ളിയോട് ചേർന്നുള്ള മർകസിയ പ്രദേശത്ത് താമസസൗകര്യം ലഭിച്ചേക്കാം.

37. ഹജ്ജിനു മുമ്പായാലും ശേഷമായാലും **മദീനയിലേക്ക് പോകുമ്പോൾ ഒരു സെറ്റ് കമ്പിളി വസ്ത്രങ്ങൾ കരുതണം.** മദീനയിൽ, പ്രത്യേകിച്ച് രാത്രിയിലും പുലർച്ചെയും നല്ല തണുപ്പ് അനുഭവപ്പെടും. അതേസമയം, നിങ്ങളുടെ ഇഹ്റാം വസ്ത്രം എടുക്കാൻ മറക്കുകയുമരുത്. മക്കയിലേക്ക് മടങ്ങുമ്പോൾ ഇഹ്റാമിൽ മാത്രമേ പ്രവേശിക്കാൻ പാടുള്ളൂ എന്ന കാര്യവും ഓർമിക്കുക.

38. മദീനയിൽ 40 നമസ്കാരങ്ങൾ നിർവഹിച്ച് മടങ്ങുമ്പോൾ നിങ്ങളുട **ബസ് മീഖാത്തായ (അതിർത്തി) ദുൽ ഹുലൈഫയിൽ നിർത്തും.** ഇഹ്റാമിൽ പ്രവേശിക്കുന്നതിനു വേണ്ടിയാണിത്. ഇഹ്റാം കെട്ടുന്നതിനായി ബസിൽ നിന്നിറങ്ങുമ്പോൾ തിരികെ വരുമ്പോൾ ബസ് കാണാത വിഷമിക്കാതിരിക്കാൻ നിർത്തിയിട്ട സ്ഥലം നല്ലവണ്ണം നോക്കിവെക്കണം. എല്ലാ ബസുകളും ഒരേ പോലെയായതിനാൽ നിങ്ങൾ കുഴങ്ങും. ബസിന്റെ നിറമോ നമ്പറോ പ്രത്യേകം ഓർമിക്കാൻ ശ്രമിക്കുക.

## 7. ഹജ്ജ് ദിവസങ്ങളിൽ മശായർ പ്രദേശത്തെ താമസം

39. ദുൽഹജ്ജ് ഏഴിനും എട്ടിനും മിനായിലേക്കും അറഫയിലേക്കും പോകുമ്പോൾ രണ്ട് സെറ്റ് കമ്പിളി വസ്ത്രങ്ങളും ഒരു പുതപ്പും എടുക്കണം. കാരണം ഈ ദിവസങ്ങളിൽ രാവും പകലും നല്ല തണുപ്പുണ്ടാകും. മുസദലിഫയിൽ തുറന്ന സ്ഥലത്ത് കഴിച്ചുകൂട്ടേണ്ടതുണ്ടെന്ന കാര്യം ഓർമിക്കുക.

40. മിനയിൽ ബന്ധപ്പെട്ട മക്തബകൾക്കു കീഴിലായിരിക്കും ഹാജിമാരെ താമസിപ്പിക്കുക. മക്തബകൾ ഏർപ്പെടുത്തുന്ന ബസുകളിലാണ് മക്കയിൽനിന്ന് മിനായിലേക്ക് തീർഥാടകരെ കൊണ്ടുപോകുക. മിനായിലെ ടെന്റുകളിൽ ഒരു തീർഥാടകനുള്ള സ്ഥലം ഒരു ചതുരശ്ര മീറ്ററാണ്. അതുകൊണ്ടുതന്നെ ക്യാമ്പുകളിലെ സ്ഥലപരമമിതെയ കുറിച്ച് പരാതിപ്പെടുരുത്. അനധികൃതമായി ആരും ക്യാമ്പിൽ കയറി താമസിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

41. ഇന്ത്യയിൽനിന്നുള്ള തീർഥാടകരുടെ കാര്യങ്ങൾ  ശ്രദ്ധിക്കുന്ന മുഅല്ലിമുകൾ **ദക്ഷിണേഷ്യൻ മുഅസ്സസക്കു** കീഴലുള്ളവരാണ്. ഏറ്റവും വലിയ സ്ഥാപനമായ ഇതിനെ മുഅസ്സസ ജനൂബ് ഏഷ്യ എന്നാണ് അറബിയിൽ വിളിക്കുക. **ദക്ഷിണേഷ്യൻ മുഅസ്സസയുടെ നിറം മഞ്ഞയാണ്.** മിനയിലും അറഫയിലും മക്തബകളുടെ ബോർഡുകൾ മഞ്ഞ നിറത്തിലായിരിക്കും. അറഫയിലെ ക്യാമ്പുകൾ ദൂരേനിന്നും കാണത്തക്കവിധിം ഉയരമുള്ള മഞ്ഞ തൂണുകൾ സ്ഥാപിച്ച് അടയാളപ്പെടുത്തിയിട്ടുണ്ടാകും. ഹാജിമാർ എപ്പോഴും തിരിച്ചറിയൽ കാർഡ് കൂടെ കൊണ്ടുപോകണം. മുഅല്ലിം മക്തബിന്റെ നമ്പർ ഒർത്തുവെക്കുകയും വേണം. വഴി തെറ്റിയാൽ മുഅസ്സസ ജുനൂബ് ഏഷ്യയെന്നോ ഇന്ത്യൻ ഹജ് ഓഫീസെന്നോ ബൈത്തുൽ ഹജ് അൽ ഹിന്ദിയ എന്നോ പറഞ്ഞ് വഴി അന്വേഷിക്കണം.

42. മിനയിൽ എല്ലാ സൗകര്യങ്ങളുമുള്ള ഡിസ്പെൻസറി സഹിതം ഇന്ത്യൻ കോൺസുലേറ്റിന്റെ ഓഫീസുണ്ടാകും. സൂഖുൽ അറബ്, ശാരെ ജൊഹാറ എന്നീ പ്രധാന റോഡുകൾക്കുസമീപമുള്ള ക്യാമ്പിൽ ധാരാളം ഇന്ത്യൻ പതാകകൾ തൂക്കുന്നതിനാൽ കണ്ടുപിടിക്കാൻ എളുപ്പമാകും.

43. ഇന്ത്യൻ ഹജ് മിഷൻ ഉദ്യോഗസ്ഥരെ മിനയിലെമ്പാടും നിയോഗിച്ചിട്ടുണ്ട്. ഇന്ത്യ/ അൽ ഹിന്ദ് എന്ന് രേഖപ്പെടുത്തിയ നീലക്കുപ്പായം ധരിക്കുന്ന ഇവരെ കണ്ടെത്തുക പ്രയാസമാകില്ല.  ചില ഉദ്യോഗസ്ഥർ ഹജ്ജ് നിർവഹിക്കുന്നുമുണ്ടാകും. ഇവരുടെ പക്കൽ ഇന്ത്യൻ പതാകയോ ഇന്ത്യയെന്നോ അൽ ഹിന്ദ് എന്നോ രേഖപ്പെടുത്തിയ ഷാളുകളോ കാണും.

44. മിനയിൽ ഏതെങ്കിലും തരത്തിലുള്ള പ്രയാസമുണ്ടായാൽ ഈ ഉദ്യോഗസ്ഥരെ സമീപിക്കാൻ മടിക്കരുത്. ഓരോ മക്തബും ഏർപ്പെടുത്തുന്ന ടെന്റുകളിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടുന്ന ചെറുസംഘങ്ങളെയും ദക്ഷിണേഷ്യൻ മുഅസ്സസ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര വൈദ്യ സഹായം ഇവർ നൽകും. ഇതുപോലെ സഹായം നൽകാൻ ഉദ്യോഗസ്ഥരും ക്യാമ്പുകളിലുണ്ടാകും.

45. മിനയിൽ ഭക്ഷണം ഏർപ്പെടുത്തേണ്ടത് നിങ്ങൾ തന്നെയാണ്. ഹജ്ജ് ദിവസങ്ങളിൽ മിനയിൽ ധാരാളം ഫാസ്റ്റ് ഫുഡ് റസ്റ്റോറന്റുകളുണ്ടാകും. ഭക്ഷണം കണ്ടെത്താൻ ഒരു വിധത്തിലുള്ള പ്രയാസവുമുണ്ടാകില്ല. പഴങ്ങളും ബിസ്കറ്റുകളും ജ്യൂസുകളും മറ്റും മക്കയിൽനിന്ന് പോകുമ്പോൾ തന്നെ കരുതുകയുമാവാം.

46. ജംറകളിൽ കല്ലേറ് കർമം നിർവഹിക്കാൻ താഴെയും മുകളിലും സൗകര്യമുണ്ട്. നിങ്ങളുടെ ക്യാമ്പിനായി സൗദി അധികൃതർ അനുവദിച്ച സമയത്തല്ലാതെ കല്ലേറ് കർമത്തിനു പോകരുത്. ഇന്ത്യൻ ഹജ് ഉദ്യോഗസ്ഥരും ദക്ഷിണേഷ്യൻ മുഅസ്സസയുടെയും മുഅല്ലിം ഓഫീസുകളിലേയും ഉദ്യോഗസ്ഥർ നിശ്ചിത സമയത്ത് കല്ലേറ് കർമത്തിനു പോകുമ്പോൾ നിങ്ങളെ അനുഗമിക്കും. ആയാസരഹിതമായി കല്ലേറ് നിർവഹിക്കാൻ ഇതു സഹായകമാകും. മുന്നോട്ടോ പിറകോട്ടോ നീങ്ങാനാകാത്ത ജനക്കൂട്ടത്തിനിടയിൽ പെട്ട് പോകാതരിക്കാൻ ശ്രദ്ധിക്കണം. തിരക്ക് നോക്കിവേണം താഴെനിന്ന് എറിയണോ മുകളിലേക്ക് പോകണോ എന്നു തീരുമാനിക്കാൻ. തിരക്കിനിടയിൽ പോയി സ്വന്തമായി കല്ലേറ് കർമം നിർവഹിക്കാനകാത്ത പ്രായമായവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും അതിന് മറ്റുള്ളവരെ ചുമതലപ്പെടുത്താവുന്നതാണ്. ജംറയിൽ വൻ തിരക്ക് കാണുകയോ അങ്ങോട്ടുള്ള നീക്കം വളരെ മന്ദഗതിയിലായതോ കണ്ടാൽ ഉടൻതന്നെ ക്യാമ്പിലേക്ക് മടങ്ങുന്നതാണ് ഉചിതം. പിന്നീട് തിരക്കു കുറഞ്ഞ സൗകര്യപ്രദമായ സമയത്ത് കർമം നിർവഹിക്കാം.

47. ചില രാജ്യങ്ങളിൽനിന്നുള്ള ഹാജിമാർ ചങ്ങല പോലെ കൂട്ടത്തോട തള്ളിക്കൊണ്ടായിരിക്കും മുന്നോട്ടുവരിക. അവരുടെ വഴിയിൽ കുടുങ്ങാതിരിക്കാൻ ശ്രദ്ധിക്കുന്നതോടൊപ്പം അവരെ തടയാനും മുതിരരുത്. വഴിയിൽനിന്ന് മാറി ആ സംഘം പോയിത്തീരുന്നതുവരെ കാത്തിരിക്കകയാണ് ബുദ്ധിപൂർവകം. ജനക്കൂട്ടത്തിന്റെ എതിർദിശയിലേക്ക് പോകാൻ ഒരിക്കലും തുനിയരുത്. ജനക്കൂട്ടത്തിനൊപ്പമാണ് മുന്നോട്ടു നീങ്ങേണ്ടത്. സംയമനം നഷ്ടപ്പെട്ട് മറ്റുള്ളവരോട് ഏറ്റുമുട്ടാനും പോകരുത്. ക്യാമ്പിൽനിന്നുള്ള ഗ്രൂപ്പുകളോടൊപ്പം ഉദ്യോഗസ്ഥരുടെ സഹായത്തോടെ പോകുന്നതാണ് ഏറ്റവും ഉചിതമെന്ന് ഓർമിക്കുക. അപകടം വരുത്തുമെന്നതിനാൽ ജംറയിൽ കല്ലെറിയാൻ പോകുമ്പോൾ കനമുള്ള ഒരു ബാഗും കൊണ്ടുപോകരുത്.

48. ഈ വർഷം മുതൽ ദുൽഹജ്ജ് 13-ന് കൂടി മിന ക്യാമ്പുകൾ അനുവദിക്കണമെന്ന് സൗദി ഹജ്ജ് മന്ത്രാലയം എല്ലാ മുഅല്ലിമുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. മിനയിൽനിന്ന് മക്കയിലേക്കുള്ള തീർഥാടകരുടെ മടക്കം ദുൽഹജ്ജ് 12, 13 തിയതികളിലായി പകുക്കാനും മന്ത്രാലയത്തിനു പദ്ധതിയുണ്ട്. ദുൽഹജ്ജ് 12-ലെ നിർണായക വേളയിലുള്ള തിരക്ക് കുറക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. നിലവിൽ എല്ലാ തീർഥാടകരും ദുൽഹജ്ജ് 12-ന് മിന വിടുന്ന രീതിയാണ് പിന്തുടരുന്നത്. ഇത് വലിയ തിരക്കിനു കാരണമാകുന്നുണ്ട്. ജംറയിലെ കല്ലേറ് നിർവഹിച്ച ഉടൻ മക്കയിലേക്ക് മടങ്ങേണ്ടതിനാൽ ഓരോ തീർഥാടകനും തന്റെ ലഗേജുമെടുത്താണ് ജംറയിലെത്തുന്നത്.

പുതിയ പദ്ധതി നടപ്പിലായാൽ തീർഥാടകരുടെ മടക്കത്തന് അത് വളരെയേറ സഹായകമാകും. പകുതി പേർ ദുൽഹജ്ജ് 12 -നും ബാക്കിയുള്ളവർ ദുൽഹജ്ജ് 13-നും മടങ്ങുന്നതിനാൽ തിരക്ക് ഗണ്യമായി കുറയും. ജംറയിലെ കല്ലേറിനിടയിലുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാനും പുതിയ പദ്ധതി വഴി സാധിക്കും.  ഒരു രാത്രി കൂടുതൽ മിനയിൽ തങ്ങുന്നത് സുന്നത്തുമാണ്. പ്രവാചകൻ(സ) ഹജ്ജ് നിർവഹിച്ചപ്പോൾ ദുൽഹജ്ജ് 13വരെ മിനയിൽ തങ്ങിയിരുന്നു.

49. ജീവൻ അപായത്തിലാക്കാതെ നിങ്ങൾ എല്ലാവരും ഹജ് കർമങ്ങൾ പൂർത്തിയാക്കണമന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മനുഷ്യജീവനേക്കാൾ ഒറ്റ കർമവും പ്രാധാന്യമർഹിക്കുന്നില്ലെന്ന് ഓർക്കണം. വിവിധ മദ്ഹബുകളിലെ നിരവധി പണ്ഡിതന്മാർ ഇതുസംബന്ധിച്ച് അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്.  ഹാജിമാരെ സ്വയം അപകടത്തിലേക്ക് ചാടുന്നതിൽനിന്ന് തടയേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ എല്ലാ പണ്ഡിതന്മാരും ഏകോപിത അഭിപ്രായക്കാരാണ്. അതുകൊണ്ടാണ് തശ്‌രീക്ക് ദിവസങ്ങളിൽ ഏതു സമയത്തും കല്ലേറ് കർമം നിർവഹിക്കുന്നതിന് അവർ സാധുത കൽപിക്കുന്നത്.

50. ജീവൻ അപായത്തിലാക്കുന്നതും ശരീരത്തിന് പീഡനമേൽപിക്കുന്നതും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. ധൃതി പിടിച്ച് അപകടത്തിലേക്ക് ചാടാതെ തന്നെ കർമങ്ങൾ പൂർത്തിയാക്കാൻ അനുവദനീയമായ വഴികളുണ്ട്. 'മതകാര്യത്തിൽ യാതൊരു പ്രായസവും നിങ്ങൾക്കുമേൽ ചുമത്തിയിട്ടില്ലെന്ന്' (ഹജ്ജ്- 22:78) അല്ലാഹു ഖുർആനിൽ പറയുന്നു. മറ്റൊരു അധ്യായത്തിൽ പറയുന്നു

‘നിങ്ങൾക്ക് ആശ്വാസമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല’( അൽ ബഖറ-2:185). അതുകൊണ്ട്തന്നെ ഇസ്‌ലാം അനുവദിച്ച ഇളവുകൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടതെന്നും ജീവൻ അപായത്തിലാക്കുകയല്ല വേണ്ടതെന്നും വിനീതമായി ഉണർത്തുന്നു.

51. അറഫയാണ് ഹജ്ജിന്റെ മർമം. അതുകൊണ്ട് അറഫയിലെ നിങ്ങളുടെ സമയം മുഴുവനും പ്രാർഥനകളിലും ദൈവസ്മരണയിലും ചെലവഴിക്കുക. അറഫയിൽ നിങ്ങളുടെ ക്യാമ്പുകളിൽവെച്ചുതന്നെ നിങ്ങൾക്ക് പ്രാർഥിക്കാം. ജബലുറഹ്മയിലേക്കോ മസ്ജിദുന്നമിറയിലേക്കോ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ  തിരിച്ച് ക്യാമ്പിലെത്തുന്നതിനുള്ള ദിശ ശരിക്കും പഠിച്ചിട്ടുവേണം ക്യാമ്പ് വിടാൻ. അല്ലെങ്കിൽ നിങ്ങൾക്ക് വഴിതെറ്റാനുള്ള സാധ്യത ധാരാളമാണ്. ഏതെങ്കിലും പ്രയാസം നേരടുകയാണെങ്കിൽ അറഫയിലെ ഇന്ത്യൻ ഹജ് ഓഫീസിന്റെ സഹായം തേടാവുന്നതാണ്.

52. മഗ്‌രിബ് ബാങ്കിനുശേഷമേ അറഫ വിടാവൂ എന്ന കാര്യം ഓർമ വേണം. അതേസമയം, മുസ്ദലിഫയിലെത്താൻ എത്ര സയമെടുത്താലും അവിടെ എത്തിയിട്ട് ഇശയോടൊപ്പം മഗ്‌രിബ നമ്സകരിച്ചാൽ മതി.

53. അറഫയിൽനിന്ന് മുസദലിഫയിലേക്കുള്ള ദൂരം 5-6 കി.മീ മാത്രമാണെങ്കിലും ബസുകൾ അവിടെ എത്താൻ 6-8 മണിക്കൂറെടുക്കും. അറഫയിൽനിന്ന് മുസ്ദലിഫയിലേക്ക് സൗദി അധികൃതർ നീണ്ട നടപ്പാത നിർമിച്ചിട്ടുണ്ട്. നടക്കാൻ പ്രയാസമില്ലാത്ത ഹാജിമരൊക്കെ ബസിന് കാത്തുനിൽക്കാതെ അറഫയിൽനിന്ന് മുസ്ദലിഫയിലേക്ക് നടക്കാറാണ് പതിവ്. ഒരു മണിക്കൂറിനകം അവർക്ക് മുസ്ദലിഫയിൽ എത്താനാകും. മുസ്ദലിഫയിൽ ടോയ്‌ലറ്റിനുമുന്നിൽ രണ്ട് മണിക്കൂർവരെ കാത്തുനിൽക്കേണ്ടിവന്നേക്കാം. മിന മുസ്ദലിഫയോട് ചേർന്നുതന്നെ ആയതിനാൽ നടക്കാൻ കഴിയുന്നവർ ദുൽഹജ്ജ് 10-ന് സ്ബ്ഹി നമസ്കാരത്തിനു ശേഷം മിനയിലെ ക്യമ്പിലേക്കും നടക്കുന്നത് തന്നെയാണ് നല്ലത്. പ്രായമേറിയവരെയും സ്ത്രീ തീർഥാടകരേയും കൊണ്ടുവരുന്നതിന് ബസുകളെ വിട്ടുകൊണ്ട് കാൽനടയായി മിനയിലെത്തുന്നവർക്ക് മറ്റു കർമങ്ങൾ നിർവഹിക്കുകയുമാകാം.

8. ഹജ്ജിനു ശേഷം

54. നിങ്ങളുടെ മടക്കയാത്ര ജിദ്ദയിൽനിന്നോ മദീനയിൽനിന്നോ ആകാം. ജിദ്ദ വഴി വന്ന ചില തീർഥാടകർക്ക് മദീന വഴിയായിരിക്കും മടക്കം. ഓരോ തീർഥാടകനും മടക്ക ഷെഡ്യൂൾ എപ്പോൾ, എവിടെനിന്നാണെന്ന് മുൻകൂട്ടി ഉറപ്പുവരത്തിയാൽ അവാസന നിമിഷം ഇത്തരം കാര്യങ്ങൾ അറിഞ്ഞ് ഞെട്ടേണ്ടി വരില്ല.

55. മടക്കയാത്രാ വേളയിൽ എല്ലാ തീർഥാടകരും മുഅല്ലിമുകളുടേയും ഇന്ത്യൻ ഹജ് മിഷൻ ഉദ്യോഗസ്ഥരുടേയും നിർദേശങ്ങൾ അതേപടി പിന്തുടരണം. വിമാനം പുറപ്പെടുന്നതിന് **എട്ട് മണിക്കൂർ മുമ്പ് തീർഥാടകർ ജിദ്ദ എയർപോർട്ടിൽ എത്തിയിരിക്കണ**മെന്നത് സൗദി സർക്കാരിന്റെ നിബന്ധനയാണ്. മക്കയിൽനിന്ന് ജിദ്ദ എയർപോർട്ടിലേക്കുള്ള യാത്രാ സമയം കൂടി കണക്കിലെടുത്താൽ വിമാന സമയത്തിന് 12 മണിക്കൂർ മുമ്പെങ്കിലും മക്കയിൽ താമസിക്കുന്ന കെട്ടിടത്തിൽനിന്ന് ബസ് പുറപ്പെടേണ്ടി വരും. ബസുകൾ എത്തുമ്പോഴേക്കെങ്കിലും എല്ലാ തീർഥാടരും പുറപ്പെടാൻ തയാറായിരിക്കണം. ലഗേജുകൾ കെട്ടിടത്തിന്റെ ലോബയിലെത്തിച്ചിരിക്കണം. അവസാന നിമിഷത്തെ ഷോപ്പിംഗും മറ്റു സ്ഥലങ്ങളിലെ സന്ദർശനവും ഒഴിവാക്കേണ്ടതാണ്. **ബസുകൾ എത്തിക്കഴിഞ്ഞാൽ പിന്നെ  വിടവാങ്ങൽ തവാഫിന് പോകരുത്.** പുറപ്പെടുന്നതിന് രണ്ട് -മൂന്ന് മണിക്കൂർ മുമ്പെങ്കിലും ഈ തവാഫ് നിർവഹിക്കുന്നതാണ് അഭികാമ്യം.

56. സാധാരണ സാഹചര്യങ്ങളിൽ ഫ്ളൈറ്റ് മാറ്റം അനുവദിക്കില്ല. എന്നാൽ മെഡിക്കൽ ഉൾപ്പെടെയുള്ള അടിയന്തിര കാര്യങ്ങൾ മുൻനിർത്തി, സീറ്റ് ലഭ്യതയനുസരിച്ച് ഫ്ളൈറ്റ് മാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. ഇന്ത്യൻ ഹജ് ഓഫീസിൽ സജ്ജമാക്കിയ എയർ ഇന്ത്യയുടെ കമ്പ്യൂട്ടറൈസ്ഡ് റിസർവേഷൻ ടെർമിനലുമായാണ് (സി.ആർ.ടി) ഇതിനായി ബന്ധപ്പെടേണ്ടത്. സൗദി അറേബ്യൻ എയർലൈൻസാണെങ്കിൽ ഇന്ത്യൻ ഹജ് ഓഫീസ് ജീവനക്കാർ തന്നെ ടിക്കറ്റുകൾ ശരിയാക്കി നൽകും. **എയർ ഇന്ത്യയിൽനിന്ന് സൗദി അറേബ്യൻ എയർലൈൻസിലേക്കോ തിരിച്ചോ മാറുന്നതിന് ഒരു തരത്തിലും സാധ്യമല്ല.**

57. ഓരോ ഇന്ത്യൻ ഹാജിക്കും 45 കിലോ ലഗേജും 10 കിലോ ഹാന്റ് ബാഗേജുമാണ് സൗജന്യമായി അനുവദിക്കുക. ഓരോ തീർഥാടകനും 10 ലിറ്റർ സംസം വെള്ളവും കൊണ്ടുപോകും. ഇത് വിമാനം ഇറങ്ങുന്ന സ്ഥലത്ത് വിമനക്കമ്പനി നൽകും. അതുകൊണ്ടുതന്നെ **നിങ്ങൾ വിമാനത്തൽ സംസം കൊണ്ടുപോകേണ്ട ആവശ്യമേയില്ല.**

58. മടക്കയാത്ര സുഗമമാക്കുന്നതിന് അധിക ലഗേജ് ഒഴിവാക്കേണ്ടതാണ്. അധിക ലേഗജുണ്ടെങ്കിൽ മക്കയിലും മദീനയിലും എയർഇന്ത്യയുടെ കാർഗോ സൗകര്യം ഉപയോഗപ്പെടുത്തണം.

59. തീർഥയാത്രക്കിടയിൽ നിങ്ങളുമായി ഇടപെട്ട എജൻസികളിൽനിന്നുണ്ടായ അനുഭവങ്ങൾ ചേർക്കാവുന്ന **പോസ്റ്റ് ഹജ് സർവേ ഫോറം** പൂരിപ്പിക്കാൻ മറക്കരുത്.

ഹജ്ജ് എളുപ്പമാക്കി തീർക്കാൻ എപ്പോഴും അല്ലാഹവിനോട് പ്രാർഥിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ അതിഥികൾക്ക് ചേരുന്ന വിധം അനുകരണീയമായ ക്ഷമയും സവിശേഷ പെരുമാറ്റവും പ്രകടിപ്പിക്കുക. പുണ്യ നഗരങ്ങളായ മക്കയിലും മദീനയിലും എത്തിച്ചേർന്നിരിക്കുന്നതിന്റെ മുഖ്യലക്ഷ്യം ഹജ്ജാണെന്ന കാര്യം ഒരിക്കലും മറന്നുപോകരുത്. ദൗത്യനിർവഹണത്തിന് നിങ്ങളെ സഹായിക്കാൻ മാത്രമേ, ഉദ്യോഗസ്ഥരായ ഞങ്ങൾക്ക് സാധിക്കുകയുള്ളൂ. അതേസമയം ഏത് സജ്ജീകരണത്തിലും പാളിച്ചകളുണ്ടാകമെന്നും എത്രതന്നെ ബന്ദബസ്സാക്കിയാലും അത് അക്ഷരാർഥത്തിൽ പൂർണമാകില്ലെന്നും മനസ്സിലാക്കേണ്ടതാണ്.

പരസ്പരം മനസ്സിലാക്കാനും ഉൾക്കൊള്ളാനുമുള്ള വിശാലത കാണിക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം  അങ്ങനെ വന്നാൽ അവസാനം നിങ്ങൾക്ക് പൂർണ സംതൃപ്തി നേടാനാകുമെന്ന് ഉണർത്തുകയും ചെയ്യുന്നു.

അവസാനമായി, നമ്മെയൊക്കെയും സമാധാനത്തിലാക്കാനും വിശുദ്ധ ഹജ്ജ് കർമങ്ങൾ സ്വീകാര്യമാവുന്ന വിധം പൂർത്തിയാക്കുന്നതിനുള്ള അവസരമേകനും അല്ലാഹുവിനോട് പ്രാർഥിക്കാം.

അല്ലാഹു നമുക്ക് വിജയം പ്രദാനം ചെയ്യുമാറകട്ടെ!

നന്ദിയോടെ
വിനയപൂർവം
ഡോ. ഔസാഫ് സഈദ്
കോൺസുൽ ജനറൽ ഓഫ് ഇന്ത്യ
1.7.2006

അനുബന്ധം

പ്രശ്നങ്ങൾ നേരിടുകയാണെങ്കിൽ തീർഥാടകർ സമീപിക്കേണ്ട ഏജൻസികൾ

നമ്പർ വിഷയം സമീപിക്കേണ്ട ഏജൻസി

1. പണവും
വില പിടിപ്പുള്ള
വസ്തുക്കളും
സൂക്ഷിക്കാൻ മുഅല്ലിമിന്റെ ഓഫീസ്

2. കെട്ടിടങ്ങളിലെ
പരാതികൾ എല്ലാ കെട്ടിടങ്ങളിലും സൂക്ഷിച്ചിരിക്കുന്ന പരാതി രജിസ്റ്ററിൽ പരാതികൾ എഴുതാം. സൂപ്പർവൈസർമാർ എല്ലാ ദിവസവും കെട്ടിടങ്ങൾ സന്ദർശിക്കുമെങ്കിലും അവർക്ക് ഓരൊ മുറിയിലും കയറി ഓരോ തീർഥാടകനോടും സംസാരിക്കാൻ സാധിച്ചുകൊള്ളണമെന്നില്ല. പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ കാര്യങ്ങൾക്കുമേൽ അവർ നടപടി കൈക്കൊള്ളും.

ബ്രാഞ്ച് ഓഫീസുകൾ സന്ദർശിച്ചും തീർഥാടകർക്ക് പരാതി നൽകാം.

പരാതികൾ ഖാദിമുൽ ഹുജ്ജാജിനെ അറിയിക്കുകയും ചെയ്യാം.

3. കാണാതാകുന്ന
തീർഥാടകർ വഴി തെറ്റി ഒറ്റപ്പെട്ടുപോയാൽ ഇന്ത്യ/ അൽ ഹിന്ദ് എന്നെഴുതിയ ജാക്കറ്റുകൾ ധരിച്ച ടാസ്ക് ഫോഴ്സ് സ്റ്റാഫിൽ ആരെയെങ്കിലും കണ്ടെത്താൻ ശ്രമിക്കുക.

സമീപത്തെ ഏതെങ്കിലും ഇന്ത്യൻ ബ്രാഞ്ച് ഓഫീസ് കണ്ടെത്താനും ശ്രമിക്കാം.

നിങ്ങളുടെ സഹ തീർഥാടകനെ കാണാതായാൽ സമീപത്ത ബ്രാഞ്ച് ഓഫീസിൽ അറിയിക്കുക.

4. ബാഗേജ്
നഷ്ടപ്പെട്ടാൽ ബ്രാഞ്ച് ഓഫീസിനെ സമീപിക്കുക.

നിങ്ങളുടെ ബ്രാഞ്ച് ഓഫീസിലെ അസി. ഹജ്ജ് ഓഫീസർ നിർദേശിക്കാതെ ലോസ്റ്റ് ബാഗേജ് സെന്ററിൽ നേരിട്ട് പോകേണ്ട തില്ല.

5. പണം നഷ്ടപ്പെടുക
അല്ലെങ്കിൽ മോഷണം അജ്യാദിലെ കേന്ദ്ര ഇന്ത്യൻ ഹജ് മിഷൻ ഓഫീസിലെ ജനറൽ വെൽഫെയർ ഡെസ്കിനെ സമീപി ക്കുക.

ഇന്ത്യൻ തീർഥാടക ക്ഷേമ ഫോറം (ഐ.പി.ഡബ്ല്യു.എഫ്) താൽക്കാലിക സഹായം നൽകും.

6. മദീനയിലേക്കുള്ള യാത്ര
നിങ്ങളുടെ കെട്ടിടത്തിൽ പതിക്കുന്ന നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക.

മുഅല്ലിം ഓഫീസൽനിന്നും അജ്യാദിലെ കേന്ദ്ര ഹജ് മിഷൻ ഓഫീസിൽനിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.

7. മശായറിലേക്കുള്ള
യാത്ര നിങ്ങളുടെ കെട്ടിടത്തിൽ പതിക്കുന്ന നോട്ടീസ് ശ്രദ്ധിക്കുക.

ബ്രാഞ്ച് ഓഫീസിൽനിന്നും മുഅല്ലിം ഓഫീസിൽനിന്നും കൂടുതൽ വിവരങ്ങൾ അറിയാം

8. വിമാന
ഷെഡ്യൂളുകളിലെ മാറ്റം വിമാന ഷെഡ്യൂൾ മാറ്റാനുള്ള അപേക്ഷകൾ സാധാരണഗതിയിൽ സൗദി അറേബ്യൻ എയർലൈൻസ് സ്വീകരിക്കില്ല.

എയർ ഇന്ത്യ ഫ്ളൈറ്റ് ഷെഡ്യൂളിൽ മാറ്റം വേണമെങ്കിൽ അജ്യാദിലെ കേന്ദ്ര ഹജ് മിഷൻ ഓഫീസിലുള്ള ഹജ് മിഷൻ ഇൻചാർജിനെയാണ് സമീപിക്കേണ്ടത്. ഇദ്ദേഹത്തിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ ഹജ് മിഷൻ ഓഫീസിലുള്ള എയർ ഇന്ത്യ സി.ആർ.ടി. ഓഫീസിൽനിന്ന് സീറ്റ് ലഭ്യതക്കനുസരിച്ച് ടിക്കറ്റിൽ മാറ്റം വരുത്തി നൽകുകയുള്ളൂ.

യാത്ര ചെയ്യേണ്ട സെക്ടർ മാറ്റുവാനോ സൗദിയ, എയർ ഇന്ത്യ ഫ്ളൈറ്റുകളിലേക്ക് മാറുവാനോ ഒരു കാരണവശാലും സാധ്യമല്ല

9. മടക്കയാത്രക്കായി
ജിദ്ദയിലേക്ക് കെട്ടിടത്തിൽ പതിക്കുന്ന നോട്ടീസ് ശ്രദ്ധിക്കുക.

ഏതു കാര്യത്തിനും ബ്രാഞ്ച് ഓഫീസിനെ സമീപിക്കാം.

10. അധിക
ലഗേജിനുള്ള
ബുക്കിംഗ് എയർ ഇന്ത്യ കാർഗോ സൗകര്യം ലഭ്യമാണ്.

അധികലഗേജുണ്ടങ്കിൽ എയർ ഇന്ത്യ കാർഗോക്ക് മുൻകൂട്ടി ബുക്ക് ചെയ്തിരിക്കണം. എയർപോർട്ടിൽ വൻ തുക നൽകുന്ന തിനേക്കൾ കാർഗോക്ക് വളരെ കുറഞ്ഞ നിരക്ക് നൽകിയാൽ മതി.

എയർപോർട്ടിൽവെച്ച് അധിക തുക നൽകാൻ തയാറായാൽ പോലും ചിലപ്പോൾ അധിക ലഗേജ് കൊണ്ടുപോകാൻ വിമാന ക്കമ്പനികൾ വിസമ്മതിച്ചേക്കാം.

11. മിന പാസുകൾ മുഅല്ലിം ഓഫീസ്

12. മെഡിക്കൽ/
അടിയന്തിര സഹായം ബ്രാഞ്ച് ഡിസ്പെൻസറിയിലെ ഡോക്ടറെ കാണുക.

അടിയന്തിര കേസുകളിൽ ഏതു ബ്രാഞ്ച് ഡിസ്പെൻസറിയേയും ഹോസ്പിറ്റലിനേയും സമീപിക്കാം.

വളരെ അടിയന്തിര ഘട്ടത്തിൽ ഡോക്ടറെ താമസിക്കുന്ന കെട്ടിടത്തിലേക്ക് വിളിക്കാം.

13. മിനായിലെ
പ്രശ്നങ്ങൾ മിനയിലെ മുഅല്ലിം ഓഫീസിനെ സമീപിക്കാം.

ഇന്ത്യൻ ഹജ് മിഷൻ മിന ക്യാമ്പ് ഓഫീസിലേക്കും പോകാം.

14. സഹ തീർഥാടകന്റെ
മരണം മുഅല്ലിം ഓഫീസിൽ അറിയിക്കാം.

ബ്രാഞ്ച് ഓഫീസിലും വിവരം നൽകാം.

മയ്യിത്ത് കെട്ടിടത്തിൽനിന്ന് മോർച്ചറിയിലേക്ക് മാറ്റാനും ഖബറടക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും മുഅല്ലിം ഓഫീസാണ്.

മയ്യിത്ത് ഖബറടക്കുന്നതിന് ആവശ്യമയ എൻ.ഒ.സി അജ്യാദിലെ കേന്ദ്ര ഹജ്ജ് മിഷൻ ഓഫീസിലെ കോഓർഡിനേഷൻ ഡെസ്ക് നൽകും.